THE VILLAGE INTERNATIONAL SCHOOL
"We Nurture Dreams"
AIM HIGH, TOGETHER WE FLY

# ഗ്രേഡ് -5

# പാഠം -5

# എന്റെ ഭാഷ

# ***വള്ളത്തോൾ നാരായണമേനോൻ***

**ജനനം :** 1878 ഒക്ടോബർ-16, തിരൂർ
**പിതാവ് :** ദാമോദരൻ ഇളയത്
**മാതാവ് :** കുട്ടിപ്പാറു
* ആധുനിക കവിത്രയത്തിൽ ഉൾപ്പെടുന്നു.
* കവിതയിലെ ശബ്ദസുന്ദരൻ എന്നറിയപ്പെടുന്നു.
* സംസ്ഥാന കവി
* വാല്മീകി രാമായണം മലയാളത്തിലേക്ക് വിവർത്തനം ചെയ്തു.

**മരണം :** 1958 മാർച്ച് -13
***പ്രധാന കൃതികൾ :*** അച്ഛനും മകളും, ബധിരവിലാപം, ഋതുവിലാസം, എന്റെ ഗുരുനാഥൻ, എന്റെ ഭാഷ, കൊച്ചു സീത, ചിത്രയോഗം (മഹാകാവ്യം), സാഹിത്യ മഞ്ജരി.
***പുരസ്കാരങ്ങൾ :*** കവിതിലകൻ, കവി സാർവഭൗമൻ, പത്മഭൂഷൺ, പത്മവിഭൂഷൺ

Edit with WPS Office

## <u>അർത്ഥം</u>

* മിണ്ടുക - സംസാരിക്കുക
* പിഞ്ചിളം - മൃദുവായ
* അമ്മിഞ്ഞപ്പാൽ - അമ്മയുടെ പാൽ
* സമ്മേളിക്കുക - കൂടിച്ചേരുക
* കേവലം - വെറും
* ധാത്രി - വളർത്തമ്മ
* മർത്ത്യൻ - മനുഷ്യൻ
* ദുഗ്ധം - പാൽ
* നുകരുക - കുടിക്കുക
* പൈതങ്ങൾ - കുഞ്ഞുങ്ങൾ

* ഹൃത്ത് - മനസ്സ്
* വക്ത്രം - മുഖം/വായ
* ഹൃദ്യം - മനോഹരം
* ശീകരം - ജലകണിക
* ചിത്തം - മനസ്സ്
* ബഹിർഭാഗം - പുറംഭാഗം
* മിന്നിച്ചുനിൽക്കുക - പ്രകാശിച്ചുനിൽക്കു
ക
* തൂമുത്തുകൾ - മനോഹരമായ മുത്തുകൾ

## പര്യായം

* അമ്മ - ജനനി, മാതാവ്, തായ
* അമൃത് - സുധ, പീയൂഷം
* മനസ്സ് - മനം, മാനസം, ഉള്ളം

III.

വേദങ്ങൾ എത്ര?

ഏതെല്ലാം?

ഋഗ്വേദം, യജുർവേദം, സാമവേദം, അഥർവവേദം

ഓരോ വേദത്തിന്റെയും വിഷയമെന്താണ്?

ഋഗ്വേദം - ജ്ഞാനം
യജുർവേദം - കർമ്മം
സാമവേദം - ഉപാസന
അഥർവവേദം - വിജ്ഞാനം

**IV. പദങ്ങൾ കണ്ടെത്തി എഴുതുക**

1. തൂ + മുത്ത് = തൂമുത്ത്
2. തൂ + മഞ്ഞ് = തൂമഞ്ഞ്
3. തൂ + മിഴി = തൂമിഴി
4. തൂ + വാനം = തൂവാനം

**IX. കണ്ടെത്തി എഴുതുക**

***1. കുഞ്ഞിന്റെ ചുണ്ടിൽ ആദ്യം ഉതിരുന്ന അക്ഷരങ്ങൾ ഏവ?***

'അമ്മ' എന്നുള്ള രണ്ടക്ഷരങ്ങളാണ് കുഞ്ഞിന്റെ ചുണ്ടിൽ നിന്നും ആദ്യം ഉതിരുന്നത്.

***2. അന്യഭാഷയും തൻഭാഷയും തമ്മിലുള്ള വ്യത്യാസം എന്ത്?***

മറ്റുള്ള ഭാഷകളെ കവി പോറ്റമ്മമാരായും മലയാളത്തെ പെറ്റമ്മയായും കവി കാണുന്നു. കൂടാതെ തന്റെ മനസ്സാകുന്ന പൂവിലെ തേൻതുള്ളിയായും മാതൃഭാഷയെ കവി കാണുന്നു. വേദങ്ങളും ശാസ്ത്രങ്ങളും നമ്മുടെ മനസ്സിൽ ആഴത്തിൽ പതിയണമെങ്കിൽ സ്വന്തം ഭാഷയുടെ മുഖത്തുനിന്നും അവ കേൾക്കണമെന്നും കവി പറയുന്നു.

***3. മനസ്സിൽ ഉൾത്തേനായി തീരുന്നതെന്ത്?***

മാതൃഭാഷയാണ് മനസ്സിൽ ഉൾത്തേനായി തീരുന്നത്.

***4 . എന്തൊക്കെയാണ് സ്വഭാഷയുടെ വക്രത്തിൽ നിന്ന് കേൾക്കേണ്ടത്?***

വേദങ്ങളും ശാസ്ത്രങ്ങളും കാവ്യങ്ങളും മനസ്സിൽ പതിയണമെങ്കിൽ സ്വഭാഷയുടെ വക്രത്തിൽനിന്നും കേൾക്കണം എന്ന് കവി പറയുന്നു .

***5 . അമ്മയുടെ മഹത്വം കവി എങ്ങനെയെല്ലാം അവതരിപ്പിക്കുന്നു?***

മിണ്ടിത്തുടങ്ങാൻ ശ്രമിക്കുന്ന കുഞ്ഞിന്റെ ചുണ്ടുകളിൽ നിന്നും ആദ്യം ഉതിരുന്ന വാക്ക് ' അമ്മ ' എന്നുള്ള രണ്ടക്ഷരമാണ് . മാതൃഭാഷയെ തന്റെ പെറ്റമ്മയായും കവി കാണുന്നു . വാത്സല്യത്തോടെ അമ്മ പകർന്നുതരുന്ന പാൽ നുകർന്നാൽ മാത്രമേ കുട്ടികൾക്ക് വളർച്ചയുണ്ടാകൂ . അമ്മയിൽനിന്നും ലഭിക്കുമ്പോൾ എന്തും നമുക്ക് അമൃതായി തോന്നും

ഇങ്ങനെയെല്ലാമാണ് കവി അമ്മയുടെ മഹത്വം അവതരിപ്പിക്കുന്നത് .

# <u>ശ്രേഷ്ഠഭാഷാപദവി</u>

2000 വർഷത്തിൽ കൂടുതൽ ചരിത്രമുള്ള ഭാഷകൾക്ക് ഇന്ത്യൻ ഭരണകൂടം നൽകുന്ന പ്രത്യേകാംഗീകാരമാണ് **ശ്രേഷ്ഠഭാഷാപദവി** (Classical Language Status).

- തമിഴ് (2004)
- സംസ്കൃതം (2005)
- തെലുങ്ക് (2008)
- കന്നട (2008)
- മലയാളം (2013)
- ഒഡിയ (2014) എന്നീ ഭാഷകളാണ് ഇതുവരെ ശ്രേഷ്ഠഭാഷകളായി അംഗീകരിക്കപ്പെട്ടവ.

# മലയാളത്തിന്റെ തിരഞ്ഞെടുപ്പ്

2013 മേയ് 23-നു ചേർന്ന കേന്ദ്രമന്ത്രിസഭായോഗമാണ് മലയാളത്തെ ശ്രേഷ്ഠഭാഷയായി അംഗീകരിച്ചത്. ഇതിനു മുൻപ് സാഹിത്യ അക്കാദമിയുടെ ഉപസമിതി മലയാളത്തിന് 2000 വർഷം പഴക്കമില്ല എന്ന കാരണം ചൂണ്ടിക്കാട്ടി ശ്രേഷ്ഠഭാഷാപദവി നിരസിച്ചിരുന്നു. പിന്നീട് കേരളം 2000 വർഷത്തെ കാലപ്പഴക്കം തെളിയിക്കുകയായിരുന്നു. 2012 ഡിസംബർ 19-ന് കേന്ദ്രസാഹിത്യ അക്കാദമിയുടെ ഭാഷാവിദഗ്ധ സമിതി മലയാളത്തിന് ശ്രേഷ്ഠഭാഷാപദവി നൽകുന്നത് അംഗീകരിച്ചിരുന്നു.